**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

## ആത്മഹത്യ ചെയ്ത പോലീസുകാരൻെറ കുടുംബത്തിന് ആശ്രയം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5084 27/6/2019-ൽ മറുപടിക്ക്**

| ചോദ്യം<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | മറുപടി<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | 3.7.2001-ൽ തോപ്പുംപടി പോലീസ് സ്റ്റേഷനിൽ സ്പെഷ്യൽ ഡ്യൂട്ടിയിലായിരിക്കേ ആത്മഹത്യ ചെയ്ത കെ.എ.പി. -1-ാം ബറ്റാലിയൻ കോൺസ്റ്റബിൾ കെ.എസ്.നികേഷിന്റെ മാതാവ് കൊച്ചി പള്ളുരുത്തി, കണ്ണോത്ത് വീട്ടിൽ കെ.വി. അമ്മിണി ബോസ് കുടുംബ പെൻഷനും മരിച്ച നികേഷിന്റെ സഹോദരൻ നിജിഷ് ബോസ് ആശ്രിത നിയമനവും ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | മാതാപിതാക്കൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 15,000/- രൂപ ആയാണ് നിശ്ചയിച്ചിട്ടുള്ളത്. ശ്രീമതി അമ്മിണി ബോസിന്റെ വാർഷിക വരുമാനം 15,000/- രൂപയിൽ കൂടുതൽ ആയതിനാൽ കുടുംബ പെൻഷൻ അനുവദിക്കാൻ കഴിയില്ല എന്ന വിവരം അപേക്ഷകയെ അറിയിച്ചിരുന്നു.<br>സേവനത്തിലിരിക്കെ അന്തരിച്ച നികേഷ് വിവാഹിതനായിരുന്നതിനാൽ ടിയാന്റെ സഹോദരന് ആശ്രിത നിയമനം നൽകണമെന്ന ആവശ്യം ചട്ടപ്രകാരം അനുവദനീയമല്ല എന്ന കാരണത്താൽ പ്രസ്തുത അപേക്ഷ നിരസിച്ചിരുന്നു. |
| (ബി) | പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) | ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഇതിനോടകം തീർപ്പാക്കിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | ഇതു സംബന്ധിച്ചുള്ള ഫയൽ നമ്പർ വെളിപ്പെടുത്താമോ; | (സി) | കുടുംബ പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ 51707/എ 1/2013/ ആഭ്യന്തരം. ആശ്രിതനിയമനവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ 19517/കെ3/2011/ ആഭ്യന്തരം. |
| (ഡി) | ആശ്രിത നിയമനവും കുടുംബപെൻഷനും എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | മരിച്ച നികേഷിന്റെ മാതാവിന്റെ വാർഷിക വരുമാനം 15,000/- രൂപയിൽ കൂടുതൽ ആയതിനാൽ കുടുംബ പെൻഷൻ അനുവദിക്കാൻ കഴിയില്ല എന്നറിയിച്ചിട്ടുണ്ട്. എന്നാൽ വരുമാന പരിധി ഉയർത്തി നിശ്ചയിച്ച സാഹചര്യത്തിൽ കൂടുതൽ പരിശോധന അപേക്ഷയിൽ നടത്തുന്നതാണ്. അന്തരിച്ച നികേഷ് വിവാഹിതനായിരുന്നതിനാൽ ടിയാന്റെ സഹോദരന് ആശ്രിത നിയമനം നൽകണമെന്ന ആവശ്യം ചട്ടപ്രകാരം അനുവദനീയമല്ല |

സെക്ഷൻ ഓഫീസർ